www.prepp.in

Prepp
Your Personal Exams Guide

**Lang. Code : 09**

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

# ATA-19-II

**प्रश्न-पत्र II / PAPER II**

**मलयालम भाषा परिशिष्ट**
**Malayalam Language Supplement**
**भाग IV & V / PART IV & V**

**परीक्षा पुस्तिका संकेत**
**Test Booklet Code**

**E**

**परीक्षा पुस्तिका संख्या**
**Test Booklet No.**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **E** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **E**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ______________________
Name of the Candidate (in Capitals) :
अनुक्रमांक : (अंकों में) ______________________
Roll Number : in figures
: (शब्दों में) ______________________
: in words
परीक्षा केन्द्र (बड़े अक्षरों में) : ______________________
Centre of Examination (in Capitals) :
परीक्षार्थी के हस्ताक्षर : ______________ निरीक्षक के हस्ताक्षर : ______________
Candidate's Signature : Invigilator's Signature :
Facsimile signature stamp of
Centre Superintendent ______________________

**E**

www.prepp.in

Prepp
Your Personal Exams Guide



**Lang. Code : 09**

# ATA-19-II

പരീക്ഷാ ചെറുപുസ്തക സങ്കേതം **E**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

## പേപ്പർ II

## മലയാളം ഭാഷാ അനുബന്ധം
## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **E** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്റ്റീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ-I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ-II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________________

റോൾ നമ്പർ : (അക്കത്തിൽ) ______________________________

: (അക്ഷരത്തിൽ) ______________________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ______________________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ______________

Facsimile signature stamp of
Centre Superintendent ______________________________

www.prepp.in

Prepp
Your Personal Exams Guide



**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120]**, if they have opted **MALAYALAM** as **LANGUAGE – I** only.

www.prepp.in

Prepp
Your Personal Exams Guide



ഭാഗം – IV
ഭാഷ – I
മലയാളം

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ആഗോളവത്കരണമെന്നത് പാശ്ചാത്യരുടെ സാമ്രാജ്യത്വം, അതിന്റെ നിലനില്പിനു വേണ്ടി സാമ്പത്തികമായ അധീശത്വം ഉറപ്പിക്കാൻ വിപണികൾ സ്വന്തമാക്കുന്ന പ്രവർത്തനമാണ്. ശാസ്ത്രത്തിന്റെയും വ്യവസായവത്കരണത്തിന്റെയും പേരിൽ നാം യൂറോപ്പിനെ വാഴ്ത്തുന്നു. എപ്പോഴെങ്കിലും യൂറോപ്പിനു ചരിത്രത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെങ്കിൽ അത് സമൃദ്ധമായ പുതിയ വിപണികൾ ഏഷ്യയിൽ കണ്ടുപിടിച്ച തിന്റെ ഫലമായിട്ടു മാത്രമാണ്. ഇന്ത്യയിൽ തന്നെ ഈസ്റ്റിൻഡ്യാകമ്പനി വന്നത് കച്ചവടത്തിനാണ്. അവർ ചില സ്ഥലങ്ങളൊക്കെ വിലയ്ക്കെടുത്ത് കച്ചവടം വ്യാപ്തിയിൽ പിടിച്ചെടുത്തു. ബോംബെ പോർച്ചുഗൽ രാജാവിനോടു വിലയ്ക്കു വാങ്ങിയതാണല്ലോ. തനിക്കച്ചവടം! ഗാന്ധിജി ഇതു പണ്ടേ സൂചിപ്പിച്ചിരുന്നു. സ്വാതന്ത്ര്യം കിട്ടിയാൽ ഇന്ത്യ വ്യവസായവത്കരണത്തിന്റെ പാതയിലൂടെ പോകുമോ എന്നു ചോദിച്ചപ്പോൾ നെഹ്രുവിനുപോലും മനസ്സിലാക്കാത്ത സാമ്പത്തികമായ ഉൾക്കാഴ്ചയോടെ അദ്ദേഹം പറഞ്ഞു. "ഇന്ത്യ വ്യവസായവൽക്കരിക്കപ്പെട്ടാൽ ലോകത്തിലെ മിക്കരാജ്യങ്ങളെയും വിപണിക്കുവേണ്ടി കീഴടക്കേണ്ടി വരും." അതു കൊണ്ട് ആ വഴിക്കു പോകുന്നതു ശരിയല്ല. ആ വഴിക്കു യൂറോപ്പുപോകുന്നതു തടയാൻ ആരും ഉണ്ടായില്ല. പുതിയ ശക്തിയുപയോഗിച്ച് കിഴക്കുള്ള രാജ്യങ്ങളെ മുഴുവൻ കീഴ്പ്പെടുത്താൻ ഉടമ്പടികളൊക്കെ ഉണ്ടായി. വാസ്കോഡ ഗാമ സാമൂതിരിയെ പാട്ടിലാക്കിയില്ലേ ? ഇങ്ങനെ സാമദാനഭേദദണ്ഡങ്ങൾ നാലും ഉപയോഗിച്ചാണ് ഇംഗ്ലണ്ടിന്റെ രാജശക്തി ഇന്ത്യയിൽ ആധിപത്യം നേടിയത്.

ആഗോളവത്കരണം കൂറ്റൻ സമ്പത്തിന്റെ ഇറക്കുമതിയിലൂടെ ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളെ ആകർഷിച്ച് കെണിയിലാക്കുന്നു. അങ്ങാടി

www.prepp.in



കീഴടക്കുന്ന രാജ്യത്തിന് അവിടത്തെ സാധനങ്ങൾ വീടാകെ കുത്തിനിറച്ച് നമ്മുടെ ജീവിതരീതി കീഴടക്കാൻ കഴിയും. എന്നാൽ കീഴടങ്ങലാണെന്നു പറയാനും വയ്യ. നാമിപ്പോൾ ആ സ്ഥിതിയിലാണ്. ഹോട്ട് ഡോഗും ഫാസ്റ്റ് ഫുഡും മുപ്പതിനു ചോടെയുള്ളവരുടെ മനസ്സിനെ കീഴടക്കിക്കഴിഞ്ഞു. വസ്ത്രധാരണ രീതി മാത്രമല്ല ചിരിക്കുന്നതും സംഭാഷണം ചെയ്യുന്നതും അമേരിക്കൻ മട്ടിലാണ്. ഈ ധർമ്മക്ഷയം തുടർന്നു നടക്കുമ്പോൾ നാടിന്റെ സ്വഭാവവും സമ്പത്തും എല്ലാം പരകീയമാകും. ലാഭത്തിനായുള്ള കച്ചവടനീതി സമൂഹത്തിന്റെ ഘടന മാറ്റും. നമ്മുടെ ഗവർമെന്റുകൾ പോലും ജനങ്ങൾ തുലഞ്ഞാലും ലാഭം മതി എന്ന യാങ്കിഫിലോസഫി ഏറെക്കുറെ സ്വന്തമാക്കിയിരിക്കുന്നു. നോം ചോംസ്കി, ഈ ലാഭവേദാന്തത്തിന്റെ അപകടത്തെപ്പറ്റി എഴുതിയ ഗ്രന്ഥത്തിന്റെ പേര് Profit Over People എന്നാണ്. ലാഭം ജനത്തിനല്ല അല്പം ഭാഗ്യശാലികൾക്ക്!

ലാഭം നേടാൻ ഓടുമ്പോൾ സത്യം വിജയിക്കില്ല. നമ്മുടെ രാഷ്ട്രത്തിന്റെ ജീവപ്രമാണം 'സത്യമേവ ജയതേ' എന്നാണ്.

**91. ബോംബെ നഗരം വിലയ്ക്കു വാങ്ങിയത് ആരിൽ നിന്ന്**

(1) ശിവാജിയിൽ നിന്ന്

(2) ഗെയ്ക് വാദിൽ നിന്ന്

(3) സംബാജിറാവുവിൽ നിന്ന്

(4) പോർച്ചുഗീസ് രാജാവിൽ നിന്ന്

**92. ചോംസ്കി എഴുതിയ ഗ്രന്ഥത്തിന്റെ പേര്**

(1) Profit of People

(2) Profit over People

(3) Profit and People

(4) Profit without People

**93. യൂറോപ്പിന്റെ അഭിവൃദ്ധിക്കു നിദാനമായി ചൂണ്ടിക്കാണിക്കുന്നത്**

(1) ശാസ്ത്രരംഗത്തെ വികസനം

(2) വ്യവസായവത്ക്കരണം

(3) ഏഷ്യയിൽ വിപണി കണ്ടെത്തിയത്

(4) സാമ്പത്തിക ഉൾക്കാഴ്ച

www.prepp.in



**94.** **"ഇന്ത്യ വ്യവസായവൽക്കരിക്കപ്പെട്ടാൽ ലോകത്തിലെ മിക്കരാജ്യങ്ങളേയും വിപണിക്കുവേണ്ടി കീഴടക്കേണ്ടിവരും" ഈ പ്രസ്താവന ആരുടെ ?**

(1) നെഹ്രു

(2) മഹാത്മാഗാന്ധി

(3) ജെ.ആർ.ഡി. ടാറ്റ

(4) വാസ്കോഡഗാമ

**95.** **ആഗോള വൽക്കരണമെന്നത്**

(1) നാടിന്റെ സ്വത്വം സ്വകീയമാകൽ

(2) സാമ്പത്തികരംഗത്ത് ആധിപത്യം ഉറപ്പിക്കാൻ സാമ്രാജ്യത്വത്തിന്റെ പ്രവർത്തനം

(3) സമൂഹഘടനയിൽ മാറ്റങ്ങൾ വരുത്തൽ

(4) ഭൂഗോളവിവരണം നൽകൽ

**96.** **ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കാൻ ഇംഗ്ലണ്ട് കൈക്കൊണ്ട മാർഗ്ഗങ്ങളിൽ പെടാത്തത്**

(1) സാമം

(2) ഭേദം

(3) ദാനം

(4) സൈന്യം

**97.** **'ഉടമ്പടി' എന്നതിന്റെ പകരംപദം**

(1) വീഴ്ച

(2) വ്യത്യസ്ത

(3) വ്യവസ്ഥ

(4) തീരുമാനം

**98.** **യാങ്കിഫിലോസഫി എന്നാൽ**

(1) ജനങ്ങൾക്ക് ലാഭം വേണം

(2) ജനങ്ങൾ നശിച്ചാലും ലാഭം വേണം

(3) ജനങ്ങളും ലാഭവും ഒരുപോലെവേണം

(4) ജനങ്ങൾക്ക് ലാഭം വേണ്ട

**99.** **'സത്യമേവ ജയതേ' എന്നതിനർത്ഥം**

(1) സത്യം മാത്രമേ പറയാവൂ

(2) സത്യം മാത്രമേ ജയിക്കൂ

(3) സത്യം പറയണം

(4) സത്യം ജയിക്കില്ല

www.prepp.in

Prepp
Your Personal Exams Guide



**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ഉണ്ണിയ്ക്കേഴു വയസ്സു കഴിഞ്ഞു
കണ്ണും കാതുമുറച്ചു കഴിഞ്ഞു
പള്ളിക്കൂടത്തിൽ പോയിപ്പഠിക്കാ-
നുള്ളിൽക്കൗതുകമേറിക്കഴിഞ്ഞു
വെള്ളപ്പൊൽത്തിരയിത്തിരിക്കുമ്പമേൽ
പുള്ളീലക്കര മുണ്ടുമുടുപ്പിച്ചു
വള്ളികൾ കൂട്ടിക്കുടുമയും കെട്ടിച്ചു
വെള്ളിപ്പൂങ്കവിൾ മെല്ലെത്തുടച്ചിട്ടു
കൈയിൽപ്പൊൻപിടികൊച്ചെഴുത്താ-
ണിയും
മയ്യിട്ടേറെ മിനുക്കിയോരോലയു -
മങ്ങിനെയങ്ങിനെ നീങ്ങിപ്പോമൊരു -
തങ്കക്കുടത്തിനെ വയലിന്റെ മൂലയി -
ലെടവഴി കേറുമ്പോൾ പടർപന്തൽ
പോലുള്ളൊ -
രരയാലിൻ ചോടെത്തി
മറയുംവരെപ്പടി-
പ്പുരയീന്നു നോക്കുന്നു നങ്ങേലി.

കുന്നിൻ മോളിലേയ്ക്കുണ്ണി കയറി
കന്നും പൈക്കളും മേയുന്ന കണ്ടു
ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽ നി-
ന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു
മൊട്ടപ്പാറയിൽക്കേറിയൊരാട്ടിൻ
പറ്റം തുള്ളിക്കളിക്കുന്ന കണ്ടു
ഉണ്ടും പുന്നയും പുത്തതിൽ വണ്ടുക-
ളെങ്ങും പാറിക്കളിക്കുന്ന കണ്ടു.

100. **ആട്ടിൻകൂട്ടം തുള്ളിക്കളിക്കുന്നതെവിടെ ?**

(1) പാറയിൽ

(2) പുൽപ്പരപ്പിൽ

(3) വയലിൽ

(4) അരയാലിൻ ചോട്ടിൽ

101. **മയ്യിട്ട് മിനുസപ്പെടുത്തിയത്**

(1) എഴുത്താണി

(2) പൂങ്കവിൾ

(3) മിഴികൾ

(4) എഴുത്തോല

**102. കുന്നിൽ മുകളിൽ ഉണ്ണികണ്ട കാഴ്ച**

(1) വള്ളികൾ

(2) കന്നുകാലികൾ

(3) മാനുകൾ

(4) പക്ഷികൾ

**103. പച്ചപ്പടർപ്പ് സന്ധി ഏത്**

(1) ആഗമസന്ധി

(2) ദ്വിത്വസന്ധി

(3) ലോപസന്ധി

(4) ആദേശസന്ധി

**104. പച്ചപ്പടർപ്പിൽ നോക്കി ചിരിച്ചത്**

(1) ചെത്തിപ്പൂവുകൾ

(2) പൈക്കൾ

(3) വണ്ടുകൾ

(4) തുമ്പികൾ

**105. ഉണ്ണിക്ക് താൽപര്യം വർദ്ധിച്ചത്**

(1) പാട്ട് പഠിക്കാൻ

(2) പള്ളിക്കൂടത്തിൽ പോകാൻ

(3) കൂട്ട് കൂടി കളിക്കാൻ

(4) പുള്ളീലക്കര മുണ്ടുടുക്കാൻ

**106. വായനാ നൈപുണിയിൽ പെടാത്തത്**

(1) നിർമ്മാണാത്മകം

(2) ഭാവനാത്മകം

(3) പുരോഗമനാത്മകം

(4) ബോധപൂർവ്വം

**107. താഴെ പറയുന്നവയിൽ വിപുല വായനയിൽ ഉൾപ്പെടാത്തത്.**

(1) വായന കൂടുതൽ ആസ്വാദ്യകരമാക്കുന്നു

(2) വായനാഭാഗം ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു

(3) ഭാഷാപഠനം വിപുലമാക്കുന്നു.

(4) പൊതുവിൽ പാഠം മനസ്സിലാക്കാനുള്ള വായന

www.prepp.in



**108.** **എഴുത്തു പ്രക്രിയ ഊന്നുന്നത്**

(1) പ്രക്രിയ മാത്രം

(2) ഉല്പന്നം മാത്രം

(3) പ്രക്രിയയും ഉല്പന്നവും

(4) നല്ല കൈയ്യക്ഷരമുപയോഗിച്ച്

**109.** **ഭാഷാ പാഠ്യപദ്ധതിയിൽ സാഹിത്യം ഉൾപ്പെടുത്തുന്നതിൽ തീരെ പ്രാധാന്യം കുറഞ്ഞ ഘടകം ഏത് ?**

(1) അത് ശ്രവണ സംഭാഷണ നൈപുണി വർദ്ധിപ്പിക്കുന്നു.

(2) ആധികാരിക വസ്തുവാണ്

(3) മറ്റുസംസ്കാരങ്ങൾ പഠിക്കാൻ പഠിതാക്കാളെ സഹായിക്കുന്നു

(4) വ്യക്തിഗത പ്രതികരണങ്ങൾ നൽകാൻ പഠിതാക്കളെ പ്രേരിപ്പിക്കുന്നു.

**110.** **താഴെ കൊടുത്തവയിൽ ശരിയായ പ്രസ്താവമേത് ?**

(1) ചിഹനങ്ങൾ വാക്യത്തിന്റെ അർത്ഥംവ്യത്യാസപ്പെടുത്തു

(2) ചിഹനങ്ങൾ വാക്യത്തിൽ വ്യത്യാസമൊന്നും ഉണ്ടാക്കുന്നില്ല

(3) ചിഹനങ്ങൾ പാഠത്തെ സുന്ദരമാക്കുന്നു

(4) ചിഹനങ്ങൾ പാഠത്തിന്റെ ഒഴുക്കോടെയുള്ള വായനയിൽ തടസ്സമുണ്ടാക്കുന്നു.

**111.** **കുട്ടികളുടെ എഴുത്തിനെ വിലയിരുത്തുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ടത്**

(1) അക്ഷരശുദ്ധിയും വ്യാകരണവും

(2) ആശയപ്രകടനത്തിൽ

(3) പദങ്ങളുടെ എണ്ണം നിശ്ചയിച്ച്

(4) ശൈലികളും പഴഞ്ചൊല്ലുകളും ഉപയോഗിക്കുന്നത്

**112.** **ദേശീയാദ്ധ്യാപക ചട്ടക്കൂടിലെ (NCF 2005) മാർഗ്ഗനിർ ദേശങ്ങളിൽപെടാത്തത്**

(1) അറിവിനെ സ്കൂളിന പുറത്തുള്ള ജീവിതവുമായി ബന്ധിപ്പിക്കുക.

(2) മനഃപാഠമാക്കലിൽ നിന്നും പഠനം മാറിയിട്ടുണ്ടെന്നു റപ്പിക്കൽ.

(3) പാഠപുസ്തകകേന്ദ്രിതമായ പാഠ്യപദ്ധതി.

(4) പരീക്ഷകൾ ക്ലാസ്സുമുറിയിലെ ജീവിതവുമായി ബന്ധപ്പെടുത്തി അയവുള്ളതാക്കുക.

www.prepp.in
Prepp Your Personal Exams Guide



**113. ഒരു കാര്യം എപ്പോൾ, എങ്ങനെ, എവിടെ സംഭവിച്ചുവെന്നും അതിനു പ്രചോദകമായതെന്ത് എന്നും അതിന്റെ അന്ത്യം എങ്ങനെയെന്നും വാക്കുകളിലൂടെ ചിത്രീകരിക്കുന്നത്**

(1) പ്രൊജക്ട് വർക്ക്

(2) അസൈൻമെന്റ്

(3) അനക്ഡോട്ടൽ റെക്കോർഡ്

(4) റേറ്റിംഗ് സ്കെയിൽ

**114. ഭാഷാ പ്രവർത്തനത്തിൽ പഠിതാക്കൾ എതു ചെയ്തു എന്ന കാണിക്കാൾ ക്കുറ്റവും എല്ല തെളിവ്**

(1) പരീക്ഷയിലെ മാർക്ക്

(2) എഴുത്തിലും സംഭാഷണത്തിലും കുട്ടികൾ ഉപയോഗിച്ചഭാഷ

(3) ദേശയ പാഠ്യപദ്ധതിയും സിലബസും മനസ്സിലാക്കൽ

(4) ഭാഷയുടെ ഉദ്ദേശ്യവും ലക്ഷ്യവും തിരിച്ചറിയൽ

**115. വൈഗോട്സ്കിയുടെ കൈത്താങ്ങ് (Scaffolding) സിദ്ധാന്തമനുസരിച്ച് കുട്ടികൾക്ക് ജോഡികളും ഗ്രൂപ്പുകളുമായിത്തിരിച്ച് പ്രവർത്തിക്കാൻ അവസരം കൊടുക്കണം. ഇത്**

(1) പ്രവൃത്തി ചെയ്യാൻ അധ്യാപകർക്ക് സൗകര്യമാണ്.

(2) കുട്ടികൾ പ്രവർത്തിക്കുമ്പോൾ അധ്യാപകർക്ക് വിശ്രമിക്കാം

(3) സാമൂഹികമായ ഇടപെടൽ കുട്ടികളുടെ പഠനത്തിൽ പ്രയോജനകരമായിത്തിരും.

(4) ഇത്തരം സാമുഹിക ഇടപെടൽ ഭാഷാ പഠനത്തിൽനിന്ന് വഴിതെറ്റിക്കും.

**116. ഭാഷാ പഠനം വർണ്ണങ്ങളിൽ നിന്നും സംയുക്താ ക്ഷരങ്ങളിൽനിന്നും തുടങ്ങാതെ വാക്യങ്ങളിൽ നിന്നാരംഭിക്കണം. ഇത് കാണിക്കുന്നത്**

(1) ആശയവിനിമയം വാക്യങ്ങളെ അടിസ്ഥാനമാക്കിയാണ് സംഭവിക്കുന്നത്

(2) ഉച്ചാരണത്തിന് ഭാഷാർജ്ജനത്തിൽയാതൊരു പങ്കുമില്ല

(3) ഭാഷാപഠനത്തിൽ വ്യാകരണത്തിനും ഉച്ചാരണത്തിനും ഒരേ സ്ഥാനമാണുള്ളത്

(4) ആശയവിനിമയത്തിന് വ്യാകരണമായിരിക്കണം അടിസ്ഥാനമാക്കേണ്ടത്

www.prepp.in



117. ടീച്ചർ, ഏഴാംതരത്തിലെ ഭാഷാ ക്ലാസ്സിൽ ദൃശ്യ പഠിതാക്കൾക്ക് യൂട്യൂബ് വീഡിയോ, ശ്രവ്യ പഠിതാക്കൾക്ക് റെക്കോർഡിങ്ങ്, ചലിത പഠിതാക്കൾക്ക് പരസ്പരകളികൾ എന്നിവ ഉപയോഗിക്കുന്നു. ടീച്ചർ ഉപയോഗിക്കുന്ന മൾട്ടിമീഡിയ എല്ലാം പഠിതാവിന്

(1) ഭാഷാ ശാസ്ത്ര വ്യത്യാസങ്ങൾ

(2) പഠന രീതികൾ

(3) പഠന വൈകല്യം

(4) ആധികാരിക വസ്തുക്കളാണ്

118. ബൗദ്ധികവാദികളുടെ കാഴ്ചപ്പാടിൽ ഭാഷാധ്യാപകർ വിദ്യാർത്ഥികളുടെ തെറ്റുകളെ കാണേണ്ടത്

(1) പഠനത്തിലെ തടസ്സവും പ്രതിബന്ധവുമായി

(2) ചിന്തിക്കാനുള്ള പ്രേരക ഘടകമെന്ന നിലയിൽ

(3) ആവർത്തിക്കാതിരിക്കാൻ ഉടനടി പരിഹരി ക്കേണ്ടതാണ് എന്ന നിലയിൽ

(4) പഠനത്തിലുള്ള അശ്രദ്ധകൊണ്ടാണെന്നതിനാൽ ഉടൻ ശ്രദ്ധിക്കേണ്ടതാണെന്ന നിലയിൽ

119. 'തീവ്രശ്രവണം' എന്നത് കേൾവിയെ സൂചിപ്പിക്കുന്നു

(1) ശ്രദ്ധ

(2) ക്ഷമ

(3) അച്ചടക്കം

(4) അസഹിഷ്ണുത

120. മൗന വായനയിലൂടെ പഠിതാവ് നേടുന്നവയിൽ. ഏറ്റവും കുറവുള്ളത്

(1) പദസമ്പത്ത്

(2) വ്യാകരണം

(3) സംഭാഷണനൈപുണി

(4) വായനാ നൈപുണി

www.prepp.in
Prepp Your Personal Exams Guide



**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

ഭാഗം – V
ഭാഷ – II
മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

വികസനമന്ത്രവുമായി നിയമസഭകളെ അഭിസംബോധന ചെയ്യുന്ന രീതിക്ക് തുടക്കം കുറിച്ച ഡോ. കലാം കേരളനിയമസഭയിൽ സംസ്ഥാനത്തിന് പത്തിന അജണ്ട അവതരിപ്പിക്കുകയുണ്ടായി. ശാസ്ത്രജ്ഞനെന്ന നിലയിൽ വർഷങ്ങൾ കേരളത്തിൽ ചെലവഴിച്ച അദ്ദേഹം സംസ്ഥാനത്തിന്റെ പ്രശ്നങ്ങളും സാധ്യത കളും തൊട്ടറിഞ്ഞിട്ടുണ്ടായിരുന്നു. രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ആ വികസനമന്ത്രം അംഗീകരിച്ചെങ്കിലും കേരളം അത് ഏതാണ്ടുമറന്നമട്ടാണ്. രാജ്യത്തിന്റെ ഭാവി യുവാക്കളിലാണെന്നും അവരുടെ ഭാവനയ്ക്ക് അഗ്നിച്ചിറകുകൾ നല്കുകയാണ് വേണ്ടതെന്നും അദ്ദേഹം വിശ്വസിച്ചു.

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയിലൂടെ അതിവേഗം നടന്നുപോയ, ഇന്ത്യയുടെ ശോഭനമായ ഭാവിയെപ്പറ്റി മറ്റാർക്കും സാധ്യമാകാത്ത സ്വപ്നങ്ങൾ കണ്ട അസാധാരണ ജീനിയസ് എന്നാകും ഡോ. കലാമിനെ ചരിത്രം വിലയിരുത്തുക. ആർക്കും അത്രവേഗം നടന്നു ഒപ്പമെത്താൻ കഴിയാത്ത ഒരാൾ !

വിദേശകാര്യമന്ത്രാലയത്തിലെ ചില ഉദ്യോഗസ്ഥർ ഡോ. കലാമിന് ഒരു ഇരട്ടപ്പേരിട്ടിട്ടുണ്ട്. 'സൂപ്പർ സോണിക് കലാം' നയതന്ത്രപ്രതിനിധികളുടെ പോസ്റ്റിംഗ് ഫയലുകൾ സാധാരണ രാഷ്ട്രപതിഭവനിലേക്കു അയച്ചാൽ പ്രോസസിംഗിനു തന്നെ ഒരാഴ്ച എടുത്തിരുന്നു. നയതന്ത്രപ്രതിനിധികൾക്ക് ഉണ്ടും ഉറങ്ങിയും സമയം ചെലവഴിക്കാൻ പറ്റിയ ഇടവേള. പക്ഷേ, അങ്ങോട്ടയച്ചതിലും വേഗത്തി ലാണ് ഡോ. കലാമിന്റെ കാലത്ത് ഫയലുകൾ ഒപ്പിട്ടു മടങ്ങിയത്.

പ്രസംഗവും പഠിപ്പിക്കലുമൊക്കെ ജീവനാണ് ഡോ. കലാമിന്. രാഷ്ട്രപതി പദമൊഴിഞ്ഞാലും അതൊക്കെ തുടരുമെന്ന് അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ, നാടമുറിക്കലും തിരശ്ശീലമാറ്റലും ബട്ടൺ അമർത്തലുമൊക്കെ അദ്ദേഹത്തിന്, മഹാബോറാണ്.

റോക്കറ്റ് എൻജിനീയറിംഗ് മുതൽ ലാപ്ടോപ് വരെ സകലസാങ്കേതികവിദ്യയും ഡോ. കലാമിന് വഴങ്ങുമെന്നു മാത്രമല്ല, രാഷ്ട്രപതി ഭവനിൽവരെ അദ്ദേഹം ആധുനിക സാങ്കേതികവിദ്യകൾ, പ്രാവർത്തികമാക്കി, വാരാന്ത്യ കൂടിക്കാഴ്ചയ്ക്കെത്തുന്ന പ്രധാനമന്ത്രിക്കു മുന്നിൽ അദ്ദേഹം ആദ്യം ലാപ്ടോപ്പ് തുറന്ന് ചെറിയൊരു പ്രസന്റേഷൻ നടത്തും. വാർഷിക നയപ്രഖ്യാപന പ്രസംഗത്തിൽ താൻ പറഞ്ഞതും, വാഗ്ദാനം ചെയ്തതും, നടപ്പായതും, നടപ്പാക്കാതെ പോയതും നടപ്പാകാനിരിക്കുന്നതുമൊക്കെ സ്ക്രീനിൽ ഡോ. മൻമോഹൻസിംഗിനെ കാണിച്ച് ഓർമ്മപ്പെടുത്തും.

രാഷ്ട്രപതി എന്ന നിലയിൽ ഡോ. കലാമിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും പ്രവചനാതീതവും പതിവ് തെറ്റിക്കുന്നതുമായിരുന്നു. ജനങ്ങൾക്കിടയിൽത്തന്നെനിൽക്കുന്ന പ്രതീതിയായിരുന്നു അദ്ദേഹം എപ്പോഴും നല്കിയിരുന്നത്. സായുധ സേനയുടെ നവീകരണത്തിന് എന്നും അദ്ദേഹം വാദിച്ചുപോന്നിരുന്നു. സായുധ സേനകളുടെ കമാൻഡർകുടിയായ അദ്ദേഹം ഹിമാലയത്തിൽ 18000 അടി ഉയരത്തിലുള്ള സിയാച്ചിൻ ക്യാമ്പിലെത്തി ജവാന്മാരെ സന്ദർശിച്ചത് സേനാംഗങ്ങൾക്ക് പുത്തൻ അനുഭവമായി. പോർവിമാനത്തിൽ പറന്ന ആദ്യ രാഷ്ട്രപതി എന്ന നിലയിലും അദ്ദേഹം ചരിത്രം സൃഷ്ടിച്ചു.

രാഷ്ട്രപതി എന്ന നിലയിൽ ഡോ. കലാമിന്റെ ഏറ്റവും വലിയ സംഭാവന ഇന്ത്യയ്ക്ക് ഒരു വികസന അജണ്ട മുന്നോട്ടുവച്ചു എന്നതാണ്. വികസനം അദ്ദേഹം വെറുതേ സ്വപ്നം കാണുകയായിരുന്നില്ല. അതിനുവേണ്ട വികസന മാതൃകകൾ അദ്ദേഹം അവതരിപ്പിച്ചുപോന്നു. നഗരസൗകര്യങ്ങൾ ഗ്രാമത്തിൽ എത്തിക്കുന്നതിനുള്ള 'പ്രൊവൈഡിംഗ് അർബൻ അമ്നിറ്റീസ് ഫോർ റൂറൽ ഏരിയാസ്' (P.U.R.A.) എന്ന അദ്ദേഹത്തിന്റെ ആശയം ഇപ്പോൾ കേന്ദ്രസർക്കാർ ദേശീയപരിപാടിയായി അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ട്.

**121. ഡോ. കലാമിനെ ചരിത്രം വിശേഷിപ്പിച്ചത്**

(1) അസാധാരണ ജീനിയസ്

(2) സൂപ്പർ സോണിക് കലാം

(3) ഇന്ത്യയുടെ മാറ്റൊലി

(4) ആർക്കും ഒപ്പമെത്താൻ കഴിയുന്ന വ്യക്തിത്വം

**122. ഡോ. കലാം എപ്പോഴും വാദിച്ചിരുന്നത്**

(1) ജനപ്രീതിക്ക്

(2) സാങ്കേതിക വിദ്യയ്ക്ക്

(3) ശോഭനമായ ഭാവിക്ക്

(4) സായുധസേനയുടെ നവീകരണത്തിന്

**123.** **'സൂപ്പർസോണിക് കലാം' എന്ന വിശേഷണം കൈവന്നത്**

(1) തീരുമാനമെടുക്കാനുള്ള കഴിവ്

(2) തീരുമാനമെടുക്കാനുള്ള വേഗത

(3) തീരുമാനമെടുക്കാനുള്ള ധൈര്യം

(4) തീരുമാനമെടുക്കാനുള്ള നയചാതുര്യം

**124.** **പ്രൊവൈഡിംഗ് അർബൻ അമ്നിറ്റീസ് ഫോർ റൂറൽ ഏരിയാസ് എന്ന ആശയം**

(1) നഗരത്തെ ഗ്രാമമാക്കിമാറ്റുന്നതിന്

(2) ഗ്രാമത്തെ നഗരമാക്കുന്നതിന്

(3) നഗരസൗകര്യങ്ങൾ ഗ്രാമത്തിലും എത്തിക്കുന്നതിന്

(4) ഗ്രാമവും നഗരവും ഒരുപോലെ വികസിപ്പിക്കുവാൻ

**125.** **രാഷ്ട്രപതി എന്ന നിലയിൽ ഡോ. കലാമിന്റെ പ്രവർത്തനങ്ങൾ**

(1) ഊർജ്ജസ്വലമാണ്

(2) ജനങ്ങളെ അലോസരപ്പെടുത്തുന്നതാണ്

(3) പ്രവചനാത്മകമാണ്

(4) പ്രവചനാതീതമാണ്

**126.** **സേനാംഗങ്ങൾക്ക് പുത്തൻ അനുഭവമായത്**

(1) പോർവിമാനം പറത്തിയത്

(2) സിയാച്ചിൻ ക്യാമ്പിലെത്തി ജവാന്മാരെ സന്ദർശിച്ചത്

(3) സായുധസേനയെ പ്രോത്സാഹിപ്പിച്ചത്

(4) ആദ്യമായി രാഷ്ട്രപതിയെ കണ്ടത്

**127.** **ഏതു രീതിയിലാണ് ഡോ. കലാം നിയമസഭയെ അഭിസംബോധന ചെയ്തിരുന്നത്**

(1) വികസനമന്ത്രവുമായി

(2) യാന്ത്രികമായ രീതിയിൽ

(3) ശാസ്ത്രീയ രീതിയിൽ

(4) സാങ്കേതികതയുടെ മികവിൽ

**128.** **രാജ്യത്തിന്റെ ഭാവി ആരുടെ കൈകളിലാണ് എന്നാണ് അബ്ദുൾ കലാം കരുതുന്നത്**

(1) സംസ്ഥാനത്തിന്റെ

(2) യുവാക്കളുടെ

(3) രാഷ്ട്രീയ പ്രവർത്തകരുടെ

(4) ശാസ്ത്രജ്ഞരുടെ

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

പണത്തുക്കക്കണക്കിൽ വിലപിടിപ്പുള്ള ഒരു വൃക്ഷശേഖരത്തിന്റെ പശ്ചാത്തലത്തിലാണെങ്കിലും മറയുർ അങ്ങാടിയിൽ അവിടത്തെ ചന്ദനസമൃദ്ധിയുടെ പരോക്ഷപ്രതിഫലനംപോലുമില്ല. വനമേഖലയ്ക്കും കർഷകഗ്രാമങ്ങൾക്കും ഇടയിൽ ഏതാണ്ട് ഉദാസീനമായി കാണുന്ന ഒരു പെരുവഴിത്തെരുവാണ് ഈ അങ്ങാടി. തീൻഗൃഹങ്ങളിൽ തമിഴിന്റെയും മലയാളത്തിന്റെയും സമ്മിശ്രരുചികൾ. ഉടുമൽപ്പേട്ട, പഴനി, കോയമ്പത്തൂർ എന്നീ തമിഴ്നാട് നഗരങ്ങളിലേക്കുള്ള പാത ഈ വഴി കടന്നുപോവുന്നു. ഗോത്രവംശജരായ മലപ്പുലയന്മാരുടെയും മുതുവന്മാരുടെയും ഒരു സങ്കേതംകൂടിയാണ് മറയൂരും പരിസരഗ്രാമങ്ങളും. അവരുടെ ഉത്പന്നങ്ങളായ കാട്ടുതേനും പുൽത്തൈലവും ഇവിടത്തെ കമ്പോളങ്ങളിൽ വന്നുചേരുന്നു.

കേരളത്തിലെ ഏക ചന്ദനഡിപ്പോ മറയൂരിലാണ്. സംസ്ഥാനത്തെ നാനാ വനമേഖലകളിൽനിന്നും ചന്ദനത്തടികൾ മറയൂർ ഡിപ്പോയിൽ കൊണ്ടു വരുന്നു. ചന്ദന കള്ളക്കടത്തു പിടിക്കപ്പെടുമ്പോഴും തൊണ്ടിസാധനം വന്നു ചേരുന്നത് ഇതേ ഡിപ്പോയിൽത്തന്നെ. മറയൂരിൽ വർഷത്തിലൊരിക്കൽ നടക്കുന്ന പൊതുലേലംവഴിയല്ലാതെ കേരളത്തിൽ നിയമാനുസൃതമായ മറ്റൊരു ചന്ദന വില്പനയില്ല. ഒരു റെയ്ഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോയിലെ കണക്കുകാര്യങ്ങൾ മഹാകണിശമാണെന്നാണ് വെപ്പ്.

കാട്ടിൽനിന്നു വേരോടെ പിഴുതെടുക്കുന്ന ചന്ദനത്തടി ശാഖോപശാഖം ഒരു മീറ്റർ അളവിൽ മുറിച്ചു നമ്പറിട്ട് കഷണങ്ങളാക്കുന്നു. ഡിപ്പോയിൽ റെയ്ഞ്ചർ ഈ തടികൾ കൂട്ടിവെച്ചു പഴയ മരത്തിന്റെ പൂർണമായ ആകാരം സൃഷ്ടിച്ചു തടികൾ നഷ്ടപ്പെട്ടിട്ടില്ലെന്നു ബോധ്യം വരുത്തും. തടികൾ നഷ്ടപ്പെട്ടാൽ ദീർഘ മായ അന്വേഷണങ്ങളും നടപടികളുമുണ്ട്. പിന്നീട് തടികൾ പുറംപൊങ്ങ് ചെത്തിമാറ്റി കാതൽ മാത്രം ഉഴിഞ്ഞെടുക്കും. ലേലാവസരങ്ങളിൽ ഈ ചീളുകളും കിലോക്കണക്കിൽ വില്ക്കപ്പെടും. ചീളുകൾ മാത്രമല്ല, ഡിപ്പോ വളപ്പിലെ മണ്ണുപോലും നല്ല വില കൊടുത്തു വാങ്ങാൻ അഗർബത്തി കമ്പനിക്കാർ തയ്യാറാണ്. ഡിപ്പോയിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും മറയൂരും

www.prepp.in



പരിസരത്തും താമസിക്കുന്ന മലപ്പുലയവംശജരായ ആദിവാസികളാണ്. ചന്ദനപ്പണി വർഷത്തിൽ വളരെയേറെ ദിവസങ്ങളോളം അവർക്കു തൊഴിലവസരം ഉറപ്പു വരത്തുന്നു.

സഹ്യന്റെ കിഴക്കൻ ചെരുവിൽ കിടക്കുന്ന മറയൂർ ഗ്രാമത്തിനു പടിഞ്ഞാറൻ താഴ്‌വരയുമായി പ്രകൃതിസാഹചര്യങ്ങളിലോ ജീവിതശൈലികളിലോ കാലാവസ്ഥാസ്വഭാവങ്ങളിലോ യാതൊരു സാധർമ്യങ്ങളുമില്ല. മഴനിഴൽ പ്രദേശമായ ഈ താഴ്‌വരയിലെ സസ്യപ്രകൃതി പീഠഭൂമിയുടേതാണ്.

**129.** **മറയൂർ ഗ്രാമത്തിലെ ഭക്ഷണസംസ്കാരം**

(1) തമിഴ് രീതിയിൽ

(2) മലയാളത്തനിമയിൽ

(3) തമിഴ്-മലയാള സമ്മിശ്രം

(4) ഇവ രണ്ടുമല്ല

**130.** **മറയൂർ-ഏതു സംസ്ഥാനത്തിൽപ്പേടുന്നു**

(1) തമിഴ്നാട്

(2) കേരളം

(3) കർണ്ണാടക

(4) ആന്ധ്രാപ്രദേശ്

**131.** **സൃഷ്ടി എന്ന വാക്കിന്റെ വിപരീതാർത്ഥം**

(1) സംഘടിതം

(2) സംസാരം

(3) സങ്കലനം

(4) സംഹാരം

**132.** **മറയൂരിൽ ചന്ദനവില്പന നടക്കുന്നത്**

(1) നിയമാനുസൃതമല്ലാതെ സ്വകാര്യലേലംവഴി

(2) സ്വകാര്യലേലം വഴി നിയമാനുസൃതമായി

(3) വ്യക്തിഗതലേലം വഴി നിയമാനുസൃതമായി

(4) നിയമാനുസൃതമായി പൊതുലേലംവഴി

**133.** **മുതുവന്മാർ ഏതു വംശത്തിൽപ്പെടുന്നവരാണ്**

(1) ദ്രാവിഡവംശം

(2) ആര്യവംശം

(3) ഗോത്രവംശം

(4) ഇൻഡോ-ആര്യവംശം

www.prepp.in

Prepp
Your Personal Exams Guide



**134.** ഡിപ്പോയിലെ കണക്കുകാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്

(1) ഹോറസ്റ്റ് ഓഫീസർ

(2) മലയപ്പുലയന്മാർ

(3) റെയ്ഞ്ച് ഓഫീസർ

(4) മുതുവന്മാർ

**135.** അഗർബത്തി കമ്പനിക്കാർ തയ്യാറാകുന്നത്

(1) ഡിപ്പോ വളപ്പ് സന്ദർശിക്കാൻ

(2) ഡിപ്പോ വളപ്പിലെ ജോലികരസ്ഥമാക്കാൻ

(3) ഡിപ്പോ വളപ്പിലെ ചന്ദനതൈലം വാങ്ങാൻ

(4) ഡിപ്പോ വളപ്പിലെ മണ്ണുപോലും വിലയ്ക്കു വാങ്ങാൻ

**136.** പരന്ന വായന കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നത്


(1) അപരിചിത പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നതിന്

(2) പാഠത്തിലെ വ്യാകരണ കാര്യങ്ങൾ

(3) കവിത ചൊല്ലുന്നതിന്

(4) ആനന്ദത്തിനായുള്ള വായന

**137.** 'ലേഹ്' എന്ന പാഠം ആരംഭിക്കുന്നതിനുമുമ്പായി ടീച്ചർ ബോർഡിൽ ഒരു ചിത്രം വരച്ച് അതിനെക്കുറിച്ച് ചർച്ച തുടങ്ങുന്നു.




ബോർഡിൽ വരച്ച ഈ ചിത്രം

(1) സംസ്ഥാനത്തിന്റെ ഭൂപടം

(2) ആശയം വ്യക്തമാക്കുന്ന ചിത്രം

(3) പ്രമേയം സൂചിപ്പിക്കുന്ന ചിത്രം

(4) ചിത്രാത്മക തന്ത്രം

**138.** കുട്ടികൾ ഫലപ്രദമായി എഴുതാൻ പഠിക്കുന്നത്, ആ എഴുത്ത്

(1) അധ്യാപകർ നിർദ്ദേശിച്ചത് എഴുതുമ്പോൾ

(2) കുട്ടികളെ ഉദ്ദേശിച്ചും അർത്ഥപൂർണ്ണവുമാകുമ്പോൾ

(3) അധ്യാപകന്റെ സങ്കല്പത്തിലും സംസ്കാരത്തിലും പ്രസക്തമാകുമ്പോൾ

(4) പറയുന്നതും എഴുതുന്നതും തമ്മിൽ ബന്ധമുണ്ടാകുമ്പോൾ

**139. ഫലാത്മക സമീപനത്തിൽ ശരിയല്ലാത്തത് ഏത്?**

(1) തീർത്തും അധ്യാപക കേന്ദ്രിതമായത്

(2) ചേഷ്ടാമാതൃകയെ അടിസ്ഥാനമാക്കിയത്

(3) പൂർത്തീകരിച്ച ഉല്പന്നത്തിൽ ഊന്നിയത്

(4) ആശയോല്പാദനത്തിലും പ്രസരണത്തിലും ഊന്നിയത്

**140. രീതി സമീപനത്തിൽ ലേഖന പ്രവൃത്തി നിർദ്ദേശിക്കുന്ന ടീച്ചർ ഉപയോഗിക്കാൻ പാടില്ലാത്തത്**

(1) ബൗദ്ധിക വിക്ഷോഭം

(2) നോട്ടുനൽകൽ

(3) ഡ്രാഫ്ടിങ്

(4) തെറ്റുതിരുത്തൽ

**141. പാത്രനാട്യം (Role Play) ഭാഷാക്ലാസ്സിലെ അനിവാര്യഘടകമാണ് കാരണം**

(1) പഠിതാക്കൾക്ക് സ്വതന്ത്രമായി സല്ലപിക്കാൻ അവസരമുണ്ട്

(2) ക്ലാസ്സ് നിയന്ത്രണം ഫലപ്രദമാക്കാൻ കഴിയും

(3) കഥ ഓർത്തെടുക്കാൻ സഹായിക്കും

(4) ഭാഷയിൽ അർത്ഥപൂർണ്ണമായി സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

**142. കുട്ടികളോട് ഒരു പ്രത്യേക വിഷയത്തിൽ കവിത രചിക്കാൻ ആവശ്യപ്പെടുന്നു. ഇവർ ഉപയോഗിക്കുന്നത്**

(1) സർഗ്ഗാത്മക ചിന്ത

(2) ഉറച്ച ചിന്ത

(3) സംവേദന ചിന്ത

(4) സാംസ്കാരിക ചിന്ത

www.prepp.in



**143. മികച്ച വായനക്ക് പദസഞ്ചയവികസനം പ്രധാന ഘടകമാണ് പദസഞ്ചയം വികസിപ്പിക്കുന്നതിന് താഴെ കൊടുത്ത ഏതു രീതിയാണ് നല്ലത് ?**

(1) പദസഞ്ചയവും പര്യായപദങ്ങളും വിപരീതപദങ്ങളും കൂടുതൽ മന:പാഠമാക്കൽ

(2) പുതിയ പദം കണ്ടെത്തുമ്പോൾ നിഘണ്ടു നോക്കൽ

(3) കഠിന പദങ്ങൾ അടിവരയിട്ടു രേഖപ്പെടുത്തി അവ വാക്യത്തിൽ പ്രയോഗിക്കുന്നു

(4) പുതിയ പദങ്ങളുടെ അർത്ഥം ഊഹിച്ചെടുക്കൽ

**144. കുട്ടിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ നിരീക്ഷിച്ച് ഒരു വിവരണരേഖ ടീച്ചർ തയ്യാറാക്കുന്നു. ഇതിനെ വിശേഷിപ്പിക്കുന്നത്**

(1) റുബ്രിക്സ്

(2) പോർട്ട്ഫോളിയോ

(3) നിരീക്ഷണം

(4) അനക്ഡോട്ടൽ റെക്കോർഡ്

**145. വിജയകരമായ ഭാഷണവൃത്തിയുടെ സവിശേഷത :**

(1) കുട്ടികളുടെ വ്യത്യസ്തതരത്തിലുള്ള പങ്കാളിത്തം.

(2) സംസാരിക്കാനുള്ള ആവസരം.

(3) ലക്ഷ്യഭാഷയിൽ മാത്രം സംസാരിക്കാനുള്ള അവസരം.

(4) സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് കൂടുതൽ അവസരം നൽകി അന്തരീക്ഷം മെച്ചപ്പെടുത്തൽ.

**146. വൈഗോട്സ്കിയുടെ വീക്ഷണത്തിൽ ഭാഷാപഠനത്തിലെ ഏറ്റവും പ്രധാന ഘടകം**

(1) സാമൂഹിക ഇടപെടലുകൾ

(2) പാഠപുസ്തകം

(3) റേഡിയോ

(4) നിഘണ്ടു

www.prepp.in



**147. ഭാഷണ നൈപുണി അഭ്യസിക്കുന്നതിന് സഹായകമായ പ്രവൃത്തി**

(1) ഒരു വിഷയത്തെക്കുറിച്ച് കൃത്യമായ അവതരണം നടത്തുക.

(2) ടീച്ചർ ഉചിതമായ കേട്ടെഴുത്ത് നല്കുക

(3) സൂചനകളിൽനിന്ന് കഥ സ്വന്തമായി വികസിപ്പിച്ച് പറയുക.

(4) സ്വന്തമായി മികച്ച പ്രൊജക്ട്റിപ്പോർട്ട് തയ്യാറാക്കുക

**148. വായനയുടെ ഏതു ഘട്ടത്തിലാണ് കുട്ടികൾ മുന്നറിവുകളെ പുതിയ അറിവുകളുമായും ക്ലാസ്സിനു പുറത്തെ ലോകവുമായും ബന്ധിപ്പിക്കുന്നത്**

(1) പൂർവ്വ വായന

(2) ഒപ്പമുള്ള വായന

(3) മുമ്പുള്ള വായന

(4) പശ്ചാത് വായന

**149. ബൗദ്ധികവാദികളുടെ അഭിപ്രായത്തിൽ പഠിതാക്കളിൽ ഭാഷാപഠനം പ്രയോജനകരമായിത്തീരുന്നത്**

(1) ക്ലാസ്സിന്റെ നിയന്ത്രണം മുഴുവൻ ടീച്ചർ ഏറ്റെടുത്ത് കുട്ടികൾക്ക് സ്ഥാനം നൽകാതിരിക്കൽ

(2) വ്യാകരണ നിയമങ്ങൾ ഹൃദിസ്ഥമാക്കാൻ പ്രോത്സാഹിപ്പിക്കൽ

(3) ബോർഡിൽനിന്നും ഉത്തരങ്ങൾ വൃത്തിയായി പകർത്തുന്നത്

(4) വിഭിന്ന നൈപുണികൾ ആർജ്ജിക്കുവാനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമ്പോൾ

**150. ഒരു നല്ല ശ്രോതാവിന്**

(1) ഒരുവാക്ക് ഉച്ചരിക്കേണ്ടതെങ്ങനെയെന്ന് അറിയാം

(2) എവിടെയാണ് ഊന്നൽ നൽകിയതെന്ന് തിരിച്ചറിയാൻ കഴിയും

(3) ചോദ്യങ്ങൾക്ക് ശരിയായ ഉത്തരംനൽകാൻ കഴിയും

(4) ഓരോ വാക്കും ശരിയായി ഉച്ചരിക്കാൻ കഴിയും

www.prepp.in



SPACE FOR ROUGH WORK

Your Personal Exam Guide

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സു-കഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

**READ THE FOLLOWING INSTRUCTIONS CAREFULLY:**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/ room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/ rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/ Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room. *The candidates are allowed to take away this Test Booklet with them.***